22.10.2017 Sunday, 2.30 pm

**The Kerala Historical Research Society, Trissur**

# മാറുന്ന രംഗകലകളും കേരളവും
## (സംഗ്രഹം)

1. ആരംഭം മുതൽ കാർഷികസംസ്കൃതിയാണ് കേരളത്തിന്റേത്. കൊയ്ത്തും മെതിയും കഴിഞ്ഞ് അതേ കളത്തിൽ കാവിലമ്മയുടെ രൂപം വരച്ച് അമ്മയെ മക്കൾ വിളിച്ചുവരുത്തും, സങ്കടങ്ങൾ പറയും, പരിഹാരം തേടും; വെളിച്ചപ്പാട് ഇടനിലക്കാരനായി നിൽക്കും. കേരളത്തിന്റെ ചിത്രകല കളമെഴുത്തിലെ ധൂളീശില്പത്തിൽ നിന്നുടലെടുത്തതാണ്, തോറ്റങ്ങളിലെ ഈണമാണ് വായ്ത്താരികളായത്. ദാരികവധമാണ് നാടകം, ആദ്യത്തെ നടൻ വെളിച്ചപ്പാട്. വയലിൽതന്നെ വിനോദത്തിനുവേണ്ടി വെള്ളരിനാടകങ്ങളും അവർ കളിച്ചിരുന്നു.

   കാലം കഴിഞ്ഞതോടെ സംസ്കൃതവും സംസ്കൃതനാടകങ്ങളും കടന്നുവന്നു. സമൂഹത്തിൽ പുതിയൊരു മേല്പാളി രൂപം പൂണ്ടു. സംസ്കൃതനാടകങ്ങൾ പക്ഷേ, മേല്പാളിയിൽ നിൽക്കാതെ താഴേയ്ക്കിറങ്ങി കീഴ്പ്പാളിയോട് സംവദിച്ചു. സംസ്കൃതനാടകം അങ്ങനെ മലയാളം ഉൾക്കൊണ്ടു കൂടിയാട്ടമായി മാറി. അഞ്ഞൂറുവർഷം മുൻപുതന്നെ കേരളത്തിലെ ഗ്രാമകേന്ദ്രങ്ങൾ ക്ഷേത്രങ്ങളായി മാറിയിരുന്നു. ക്ഷേത്രങ്ങളോട് ചേർന്നുള്ള ശാലകളിൽ സംഗീതവും നാടകവും വാദ്യവും നൃത്തവുമെല്ലാം അഭ്യസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടായിരുന്നു. ഇവയൊക്കെ ആരാധനയുടെ ഭാഗമായിരുന്നു.

2. അഞ്ഞൂറു വർഷത്തെ കേരളത്തിന്റെ രംഗകലയുടെ ചരിത്രം മൂന്ന് ഘട്ടങ്ങളായി നമുക്ക് വിശകലനം ചെയ്യാം. കുലധർമ്മത്തിന്റേതാണ് ആദ്യഘട്ടം. കലാരൂപങ്ങളുടെ പഠനവും പ്രവൃത്തിയും കുലധർമ്മമായിരുന്നു ഇക്കാലത്ത്. കാക്കാരശ്ശിപോലുള്ള വയലിൽ നടന്നിരുന്ന നാടകങ്ങൾപോലും ഇതിൽ നിന്ന് ഒഴിവായില്ല. ഈ രൂപങ്ങളൊക്കെ അന്യംനിന്നുപോകാതിരുന്നത് ഈ സംവിധാനം ഉണ്ടായിരുന്നതുകൊണ്ടാണ്.

ദീർഘമായ ഈ കാലഘട്ടത്തിൽ കലയിലുണ്ടായ രണ്ടു കലഹങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കൂടിയാട്ടത്തിലെ അഭിനയാധികാരം ചാക്യാരിൽ മാത്രം ഒതുക്കിയതിനെതിരെ നടന്നതാണ് ആദ്യത്തെ കലാപം. ആർക്കും എവിടെയും അവതരിപ്പിക്കാവുന്ന കഥകളി രൂപം കൊണ്ടതങ്ങനെയാണ്. ഈ കലഹം പുറത്ത് നിന്നായിരുന്നു. ചാക്യാരോടൊപ്പമുള്ള നമ്പ്യാരുടെ കലഹമാണ് മറ്റൊന്ന്. തുള്ളൽ എന്ന ജനപ്രിയകല രൂപമെടുത്തത് ഈ കലഹത്തിൽനിന്നാണ്. വിദേശികളുടെ ഇടപെടൽ ആയിരുന്നു ഈ അഞ്ഞൂറു വർഷത്തിലുണ്ടായ മറ്റൊരു സവിശേഷത. ക്രിസ്തുധർമ്മത്തിലേയ്ക്ക് പരിവർത്തനം ചെയ്തവരുടെ സ്വത്വരൂപീകരണത്തിനായി ഏർപ്പെടുത്തിയതാണ് ചവിട്ടുനാടകം. ഭാരതീയപുരാണകഥകൾക്കുപകരം മറ്റൊരു പാരമ്പര്യത്തെ രംഗവേദി ആശ്രയിച്ചു എന്നതാണിതിന്റെ സവിശേഷത.

19 – ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ സംഗീതനാടകങ്ങളാണ് കേരളീയ രംഗകലകളുടെ അഞ്ഞൂറുവർഷത്തെ വളർച്ചയിലെ രണ്ടാംഘട്ടം. ആദ്യം പാഴ്സി നാടകസംഘങ്ങളും തുടർന്ന് തമിഴ് സംഘങ്ങളുമാണ് കേരളത്തിലെത്തിയത്. ആരെയും അമ്പരപ്പിക്കുന്ന ജാലവിദ്യകളാണ് തുറസ്സായ മൈതാനങ്ങളിൽ കെട്ടിയുണ്ടാക്കിയ കോട്ടകളിൽ അവർ അവതരിപ്പിച്ചത്. പണമടച്ച് ടിക്കറ്റെടുക്കുന്ന ആർക്കും കാണാം. സാധാരണക്കാർ സന്തോഷത്തിൽ കൂകിയും ഒച്ചവെച്ചും 'വൺസ് മോർ' അടിച്ചും കൊട്ടകകളെ നിറച്ചു. തമിഴ് സംഘങ്ങളെ അനുകരിച്ച് മലയാളികളും സംഗീതനാടകങ്ങളെടുത്തു. മിശിഹാചരിത്രം പോലുള്ള ക്രൈസ്തവകഥകളും അരങ്ങിൽ വിളങ്ങി.

ഭക്തിയിലാരംഭിച്ച് സാമൂഹ്യവിഷയങ്ങളിലൂടെ ദേശീയബോധത്തിലേയ്ക്കെത്തുന്ന ഒരു ബോധമണ്ഡലം സൃഷ്ടിച്ചെടുക്കുന്നതിൽ സംഗീതനാടകങ്ങൾ വലിയപങ്കു വഹിച്ചിട്ടുണ്ട്. ഇവ ഉഴുതുമറിച്ച വളക്കൂറുള്ള മണ്ണിലാണ് നവോത്ഥാന നാടകങ്ങളുടെ വിത്തുകൾ വീണത്. വിഭാഗീയതയുടേയും ജാത്യന്ധതയുടേയും മുൾച്ചെടികൾ ഞെരിച്ചുകളയാതെ തഴച്ചുവളരാനവയ്ക്കു കഴിഞ്ഞത് മണ്ണിന്റെ വളക്കൂറുകൊണ്ടു മാത്രമാണ്; അതുണ്ടാക്കിയത് സംഗീതനാടകങ്ങളായിരുന്നുതാനും.

കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യപകുതിയിൽ നാടകരംഗത്തുണ്ടായ മാറ്റങ്ങൾ കേരളീയരുടെ മനോമണ്ഡലത്തിലുണ്ടായ വളർച്ചയുടെ പ്രതിഫലനങ്ങളായിരുന്നു. ഇതിൽ, പുരാണത്തിലെ ഭക്തിയിൽനിന്ന് നവലിബറലിസത്തിലേയ്ക്കുള്ള ആദ്യഘട്ടപ്രയാണം സംഗീതനാടകങ്ങളുടെ സംഭാവനയാണ്. 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' തുടങ്ങിയ നവോത്ഥാനനാടകങ്ങൾ അതിന്റെ തുടർച്ചയാണ്. മൂന്നാം ഘട്ടമാണ് ചുവന്ന നാടകങ്ങൾ. രണ്ടും മൂന്നും ഘട്ടങ്ങളെ സൃഷ്ടിച്ചത് ഒന്നാമത്തെ ഘട്ടമാണ്.

ജാതിമതകുലധർമ്മങ്ങളുടെ ഊരാക്കുടുക്കിൽ നിന്ന് കേരളത്തിന്റെ രംഗവേദിയെ മോചിപ്പിച്ച് പൊതുസദസ്സിനെ സൃഷ്ടിച്ചതാണ് സംഗീതനാടകങ്ങൾ നൽകിയ സംഭാവന.

മൂന്നാംഘട്ടത്തെ ആധുനികകാലം എന്ന് വിളിക്കാം. പാശ്ചാത്യനാടകസങ്കല്പങ്ങൾക്കനുസരിച്ച് രംഗവേദി മാറുകയാണ് ഇക്കാലത്ത്. സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് രംഗവേദിയിൽ പലതരം അന്വേഷണങ്ങളുണ്ടായി. വേരുകൾ തേടുന്ന പ്രയാണമായിരുന്നു ഒന്ന്. കേരളീയരംഗവേദിയുടെ ഏറ്റവും സർഗ്ഗാത്മകമായ കാലമാണ് 1940 മുതലുള്ളത് എന്ന് നിസ്സംശയം പറയാം. സിനിമയെന്ന പുതിയ മാധ്യമം ജനപ്രീതിനേടുന്നതിക്കാലത്താണ്.

3. കേരളീയർ എക്കാലത്തും അഭിമാനാവഹമായ സംഭാവനകൾ ലോകരംഗവേദിക്കു നൽകിയിട്ടുണ്ട്. മലയാളിയുടെ മനസ്സിൽ ഒരു റിബൽ ഉണ്ട്. നിലവിലുള്ളതിനോട് അവൻ എപ്പോഴും കലഹിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് പുതിയ ആശയങ്ങളെ എളുപ്പത്തിലവൻ സ്വാംശീകരിക്കും. കലഹിക്കുന്ന മലയാളിയാണ് തന്റെ അരങ്ങിന് അസൂയാവഹമായ സ്ഥാനം ലോകനാടകവേദിയിൽ ഉറപ്പിച്ചത്.